**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4334 24.10.2016 - ൽ മറുപടിയ്ക്ക്

**സ്നേഹസ്പർശം പദ്ധതി**

ചോദ്യം ഉത്തരം

ശ്രീ.ആർ. രാമചന്ദ്രൻ

ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സ്നേഹസ്പർശം പദ്ധതി പ്രകാരം എന്തെല്ലാം ആനുകൂല്യങ്ങൾ ആർക്കെല്ലാം ലഭിക്കുന്നുവെന്ന് വ്യക്തമാക്കുമോ; ഈ പദ്ധതി സംസ്ഥാന ഗവൺമെന്റിന്റെ പൂർണ്ണ ഉത്തരവാദിത്തത്തിൽ നടക്കുന്ന പദ്ധതിയാണോ; ഈ പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റിന്റെ സഹായം ലഭിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | ചൂഷണത്തിനു വിധേയയായി അവിവാഹിത അവസ്ഥയിൽ അമ്മമാരായ വനികതൾക്ക് 1000/- രൂപ വീതം പ്രതിമാസ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് സ്നേഹസ്പർശം. ടി പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br>1 ചൂഷണത്തിന് വിധേയയായി അവിവാഹിത അവസ്ഥയിൽ അമ്മമാരായ വനിതകളായിരിക്കണം.<br>2 ഗുണഭോക്താവ് 65 വയസ്സിനു താഴെ പ്രായമുള്ളവരായിരിക്കണം.<br>3 ഗുണഭോക്താവ് വിവാഹിതയായിരിക്കുവാൻ പാടില്ല.<br>4 ഗുണഭോക്താവ് സർക്കാരിന്റെ മറ്റ് പെൻഷൻ കൈപ്പറ്റുന്നവരായിരിക്കരുത്.<br>5 ടി ഗുണഭോക്താവിന് ആനുകൂല്യം ലഭിക്കുവാൻ അർഹതയുണ്ടെന്ന് ബന്ധപ്പെട്ട ജില്ലാ സാമൂഹ്യ നീതി ഓഫീസർ സാക്ഷ്യപ്പെടുത്തിയിരിക്കണം.<br>നിലവിൽ ടി പദ്ധതി പ്രകാരം 1943 പേർക്കാണ് പ്രതിമാസ ധനസഹായം അനുവദിക്കുന്നത്. ഈ പദ്ധതി സംസ്ഥാന ഗവൺമെന്റാണ് നടപ്പിലാക്കുന്നത്. ടി പദ്ധതിയുടെ നടത്തിപ്പിനായി കേന്ദ്ര ഗവൺമെന്റിന്റെ സഹായമൊന്നും ലഭിക്കുന്നില്ല. |

| | | | |
|---|---|---|---|
| (ബി) | ഈ പദ്ധതിയിലൂടെ ആനുകൂല്യം ലഭിക്കുന്നതിന് അപേക്ഷ സമർപ്പിക്കേണ്ടത് ഏത് ഓഫീസിലാണെന്നും ഗുണഭോക്താക്കൾക്ക് ആനുകൂല്യം വിതരണം ചെയ്യുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥർ ഏത് ഓഫീസുമായി ബന്ധപ്പെട്ടവരാണെന്നും വിശദമാക്കുമോ? | (ബി) | ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിനായി പ്രസ്തുത അപേക്ഷ ഐ.സി.ഡി.എസ് സൂപ്പർവൈസർ/ സി.ഡി.പി.ഒ എന്നിവർ ശുപാർശ ചെയ്ത് ബന്ധപ്പെട്ട ജില്ലാ സാമൂഹ്യ നീതി ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്. ജില്ലാ സാമൂഹ്യ നീതി ഓഫീസർ ആയത് പരിശോധിച്ച ശേഷം ശുപാർശ ചെയ്ത് കേരള സാമൂഹ്യ സുരക്ഷാ മിഷന് സമർപ്പിക്കേണ്ടതാണ്. ഗുണഭോക്താക്കൾക്ക് ആനുകൂല്യം വിതരണം ചെയ്യുന്നത് കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേനയാണ്. |

**സെക്ഷൻ ഓഫീസർ**